തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

## മാർച്ച് - 2023

## CLT PCW 2202

## താരതമ്യ-വിവർത്തനപഠനം

## ദളിത് സൗന്ദര്യശാസ്ത്രം

സമയം: 3 മണിക്കൂർ  മാർക്ക് : 100

I രണ്ടുപുറം കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

(8x5=40)

1. ദളിത് എന്ന സംജ്ഞയുടെ പദനിരുക്തി വിശദീകരിക്കുക.

2. ശൂദ്രർ ആരായിരുന്നു എന്ന അന്വേഷണം അംബേദ്കർ ആരംഭിക്കുന്നത് ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ നിന്നാണ്. എന്തുകൊണ്ട്?

3. പ്രാകൃത സമൂഹത്തിലെ മതത്തിന്റെ സവിശേഷതകളെന്തെല്ലാം?

4. തൊട്ടുകൂടായ്മയെക്കുറിച്ചുള്ള ഗാന്ധിയുടെയും അംബേദ്കറുടെയും കാഴ്ചപ്പാടുകൾ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ?

5. സ്വത്വം എന്ന ആശയത്തെ വിശദീകരിക്കുക?

6. 'ഹിന്ദുമതത്തിൽ ഉൾച്ചേർന്നിരിക്കുന്ന അസമത്വം ഒരു കുട്ടിയുടെ പേരിടീലുമായി ബന്ധപ്പെട്ട നിയമങ്ങളിൽ പോലും കാണാം' അംബേദ്കർ നൽകുന്ന വിശദീകരണം എന്ത്?

7. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളുടെ അനുഭൂതി തലത്തെ വിശദീകരിക്കുക?

8. ഗാന്ധിയുടെ ആത്മശുദ്ധീകരണ പ്രസ്ഥാനത്തെയും അംബേദ്കറുടെ സ്വാഭിമാന പ്രസ്ഥാനത്തെയും ഡോ: ഡി ആർ നാഗരാജ് താരതമ്യം ചെയ്യുന്നതെങ്ങനെ?

9. ഇന്ത്യൻ സാമൂഹ്യ ജീവിതത്തിൽ സാഹോദര്യം എന്ന സങ്കല്പത്തിന്റെ പ്രാധാന്യം വിശദീകരിക്കുക?

10. 'ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിലെ വിവിധ ജന വിഭാഗങ്ങളിൽ സൃഷ്ടിച്ച സാമൂഹ്യ ചലനം വ്യത്യസ്തമായിരുന്നു' സരസ്വതി വിജയത്തെയും ഇന്ദുലേഖയെയും താരതമ്യം ചെയ്ത് ചർച്ച ചെയ്യുക.

**II** അഞ്ചുപുറം കവിയാതെ മൂന്നു ചോദ്യത്തിന് ഉത്തരമെഴുതുക.

**(3x20=60)**

11. ഹിന്ദുമതത്തിന്റെ തത്വശാസ്ത്രത്തെക്കുറിച്ച് വിധി കൽപ്പിക്കുന്നതിന് അംബേദ്കർ ഉപയോഗിക്കുന്ന രണ്ടു മാനദണ്ഡങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.

12. ചണ്ഡാലഭിക്ഷുകിയിൽ അവതരിപ്പിക്കുന്ന ആദർശ സമൂഹത്തിന്റെ സവിശേഷതകളെന്തെല്ലാം?

13. പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാള നോവലുക ളിലേക്ക് സവിശേഷ ശ്രദ്ധ പതിയാനിടയായ ഭാവുകത്വ പരിസരത്തെ വിമർശനാത്മകമായി പരിശോധിക്കുക.

14. അംബേദ്കറുടെ പുരാണ വിമർശനങ്ങളുടെ സാമൂഹ്യപ്രസക്തി എന്ത്?

******